പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4271 24.06.2019 ൽ മറുപടിയ്ക്ക്

## നൈപുണി പരിശീലനപദ്ധതി

*ചോദ്യം*

ശ്രീ.റോഷി അഗസ്റ്റിൻ

,, പി.ജെ.ജോസഫ്

,, മോൻസ് ജോസഫ്

ഡോ.എൻ. ജയരാജ് :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) കേന്ദ്ര നൈപുണി പരിശീലന പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; | | (എ) കേന്ദ്ര നൈപുണ്യ പരിശീലന പദ്ധതിയിലൂടെ നിലവിൽ 109 യുവാക്കൾക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. കൂടാതെ 8440 പേർക്ക് പരിശീലനം നൽകി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയാണ് പരിശീലകർക്ക് സ്റ്റൈപ്പന്റായി നൽകുന്നത് എന്ന് വ്യക്തമാക്കാമോ; | | (ബി) പ്രസ്തുത പദ്ധതി പ്രകാരം പരിശീലകർക്ക് യാതൊരുവിധ സ്റ്റൈപ്പന്റും നൽകുന്നില്ല. എന്നാൽ തികച്ചും സൗജന്യമായ ഈ കോഴ്സിൽ പരിശീലനം വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ലഭിക്കുന്ന വിദ്യർത്ഥികൾക്ക് 500 രൂപ അവരുടെ ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്നതാണ്. |
| (സി) നൈപുണി പദ്ധതിയിൽ പഠിതാക്കളെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്; ഇവരുടെ പരിശീലനം ഏത് ഏജൻസി വഴിയാണ് നടത്തുന്നത്; ഈ പദ്ധതിയുടെ സെലക്ഷൻ രീതിയും വിശദാംശങ്ങളും വെളിപ്പെടുത്താമോ? | | (സി) ഉചിതമായ പരിശീലന പങ്കാളികളെ തിരഞ്ഞെടുക്കുന്നതിനായുള്ള Expression of Interest (EoI) ക്ഷണിച്ച് ഇത്തരത്തിൽ ലഭിക്കുന്ന പ്രൊപ്പോസലുകൾ വിലയിരുത്തിയതിനു ശേഷമാണ് നൈപുണ്യ പരിശീലന പദ്ധതിയിലേയ്ക്കുള്ള പരിശീലന പങ്കാളികളെ തെരഞ്ഞെടുക്കുന്നത്. ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗ്, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) മാനേജിംഗ് ഡയറക്ടർ, നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, ട്രെയിനിംഗ് ഡയറക്ടറേറ്റ്, വിവിധ സെക്ടർ സ്കിൽ കൗൺസിലുകൾ എന്നിവയുടെ പ്രധിനിധികൾ അംഗങ്ങളായുള്ള പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY)-യുടെ സ്റ്റേറ്റ് പ്രൊജക്ട് അപ്രൂവൽ കമ്മിറ്റിയാണ് മേൽപ്പറഞ്ഞ വിലയിരുത്തലുകൾ നടത്തുന്നത്. വ്യത്യസ്തമായ ജോബ് റോളുകൾക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ആവശ്യമായ പ്രാഥമിക യോഗ്യതകൾ പാലിച്ചുകൊണ്ട് പരിശീലന പങ്കാളികളാണ് പഠിതാക്കളെ തിരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ